**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3279** **15-02-2024 - ൽ മറുപടിയ്ക്ക്**

**റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പണിപൂർത്തിയായ പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങളെന്ന പേരിൽ വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ മുൻഗണനാ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതിയായ ജലജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ടും മറ്റ് കുടിവെള്ളപദ്ധതികൾ, കേബിളുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുമാണ് റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വന്നിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ അടിയന്തിരമായി പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ GO(MS)No.11/2023/PWD തീയതി 14.02.2023 പ്രകാരവും GO(MS)No.49/2023/PWD തീയതി 14/09/2023 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതോ ആയ റോഡുകളൊഴികെ, വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കൈമാറുന്ന എല്ലാ റോഡുകളും പൂർവ്വസ്ഥിതിയിൽ പുനസ്ഥാപിക്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. പൈപ്പ് സ്ഥാപിച്ച ശേഷമുള്ള റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ഗുണനിലവാരം ഉറപ്പാക്കി വാട്ടർ അതോറിറ്റിയുടേയും പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലാണ് നടപ്പിലാക്കേണ്ടത്. കൂടാതെ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നൽകുന്ന ഗുണനിലവാരസർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമേ വാട്ടർ അതോറിറ്റി ബന്ധപ്പെട്ട കരാറുകാരുടെ ബിൽ തുക നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതുമാണ്.<br><br>പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പുതിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതോ |

| | | | |
|---|---|---|---|
| | | | ആയ റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിക്കേണ്ട അവസരത്തിൽ, വാട്ടർ അതോറിറ്റിയിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കി, പൈപ്പിടൽ, താൽകാലിക റെസ്റ്റോറേഷൻ എന്നിവ വാട്ടർ അതോറിറ്റി പൂർത്തിയാക്കിയശേഷം റോഡിന്റെ റെസ്റ്റോറേഷൻ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തിയോടൊപ്പം നടപ്പിലാക്കി വരുന്നു. ജലജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ.ഉ.(കൈ)നം.49/2023/PWD തീയതി, തിരുവനന്തപുരം 14.09.2023 നമ്പർ ഉത്തരവ് കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ടെലികോം, കെ.എസ്.ഇ.ബി. കേബിളുകൾ, ഗ്യാസ് പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് റോഡുകൾ കുഴിക്കേണ്ടി വരുന്ന അവസരങ്ങളിലും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കി പൊതുമരാമത്ത് വകുപ്പ് നേരിട്ട് റെസ്റ്റോറേഷൻ നടപ്പിലാക്കുന്ന അവസരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, സൂപ്പർ വിഷൻ ചാർജ്ജ് എന്നിവ ഈടാക്കി പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു.<br><br>ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകൾ വെട്ടി പൊളിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയംനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നതിന് 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോർമൻസ് ഗ്യാരന്റിയും സ്വീകരിക്കുന്നു. റോഡു കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രഞ്ചലസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽ തന്നെ ഉടനടി പുനഃസ്ഥാപിക്കുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ മുൻഗണനാ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതിയായ ജലജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ടും മറ്റ് കുടിവെള്ളപദ്ധതികൾ, കേബിളുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുമാണ് റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വന്നിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ അടിയന്തിരമായി പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ GO(MS)No.11/2023/PWD തീയതി 14.02.2023 |

പ്രകാരവും GO(MS)No.49/2023/PWD തീയതി 14/09/2023 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതോ ആയ റോഡുകളൊഴികെ, വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കൈമാറുന്ന എല്ലാ റോഡുകളും പൂർവ്വസ്ഥിതിയിൽ പുനസ്ഥാപിക്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. പൈപ്പ് സ്ഥാപിച്ച ശേഷമുള്ള റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ഗുണനിലവാരം ഉറപ്പാക്കി വാട്ടർ അതോറിറ്റിയുടേയും പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലാണ് നടപ്പിലാക്കേണ്ടത്. കൂടാതെ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നൽകുന്ന ഗുണനിലവാരസർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമേ വാട്ടർ അതോറിറ്റി ബന്ധപ്പെട്ട കരാറുകാരുടെ ബിൽ തുക നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതുമാണ്.

പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പുതിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതോ ആയ റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിക്കേണ്ട അവസരത്തിൽ, വാട്ടർ അതോറിറ്റിയിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കി, പൈപ്പിടൽ, താൽകാലിക റെസ്റ്റോറേഷൻ എന്നിവ വാട്ടർ അതോറിറ്റി പൂർത്തിയാക്കിയശേഷം റോഡിന്റെ റെസ്റ്റോറേഷൻ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തിയോടൊപ്പം നടപ്പിലാക്കി വരുന്നു. ജലജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ.ഉ.(കൈ)നം.49/2023/PWD തീയതി, തിരുവനന്തപുരം 14.09.2023 നമ്പർ ഉത്തരവ് കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

ടെലികോം, കെ.എസ്.ഇ.ബി. കേബിളുകൾ, ഗ്യാസ് പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് റോഡുകൾ കുഴിക്കേണ്ടി വരുന്ന അവസരങ്ങളിലും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കി പൊതുമരാമത്ത് വകുപ്പ് നേരിട്ട് റെസ്റ്റോറേഷൻ നടപ്പിലാക്കുന്ന അവസരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, സൂപ്പർ വിഷൻ ചാർജ്ജ് എന്നിവ ഈടാക്കി പൊതുമരാമത്ത് വകുപ്പ്

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു.<br><br>ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകൾ വെട്ടി പൊളിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയംനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നതിന് 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോർമൻസ് ഗ്യാരന്റിയും സ്വീകരിക്കുന്നു. റോഡു കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രഞ്ചലസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കി |
| (സി) | ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടമാണ് പൊതുമരാമത്ത് വകുപ്പിന് വരുന്നതെന്നും ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | വെട്ടിപ്പൊളിയ്ക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക റോഡ് പൊളിയ്ക്കുന്ന ഏജൻസി തന്നെയാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ